# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5523

24.05.2017 ൽ മറുപടിക്ക്

## ടി.പി.സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവിയായി നിയമിക്കണമെന്ന ഉത്തരവ്

| ചോദ്യം: ശ്രീ. എം.വിൻസെന്റ് | ഉത്തരം : ശ്രീ.പിണറായി വിജയൻ മുഖ്യമന്ത്രി |
|---|---|
| **(എ)** ടി.പി.സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവിയായി നിയമിക്കണമെന്ന ബഹു. സുപ്രീംകോടതിയുടെ ഉത്തരവിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച ഹർജി പിൻവലിക്കാനുണ്ടായ സാഹചര്യമെന്തായിരുന്നു;<br><br>**(ബി)** ഈ കേസിൽ 25000/- രൂപ അടയ്ക്കുവാൻ സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; അത് എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കുമോ; | **(എ)&(ബി)** ക്ലാരിഫിക്കേഷൻ പെറ്റീഷനിന്മേലുള്ള വാദത്തിനിടെ ബഹു. സുപ്രീംകോടതി 24.04.2017-ൽ പുറപ്പെടുവിച്ച ഉത്തരവ് സുവ്യക്തമാണെന്ന കർശന നിലപാട് എടുത്തതിനെത്തുടർന്നാണ് കോടതിയിൽ നിന്ന് മറ്റു പരാമർശങ്ങൾ ഒഴിവാക്കാനായി ക്ലാരിഫിക്കേഷൻ പെറ്റീഷൻ പിൻവലിക്കാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചത്. അതിനെത്തുടർന്ന് 25,000/- രൂപ സുപ്രീംകോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയ്ക്ക് ജുവനൈൽ ജസ്റ്റിസ് ഇഷ്യൂസ് സംബന്ധിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അടച്ചുകൊണ്ട് ഹർജി പിൻവലിക്കാൻ ബഹു. സുപ്രീംകോടതി അനുമതി നല്കുകയും ചെയ്തു. |
| **(സി)** ഈ തുക ഇതിനകം അടച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെ പേരിൽ? | **സി)** ഉണ്ട്. സുപ്രീം കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയുടെ പേരിൽ തുക അടച്ചിട്ടുണ്ട്. |

Manoj M

**സെക്ഷൻ ഓഫീസർ**